Point of Order & Ruling

Uncorrected/Not for publication
18-09-2025

**ക്രമപ്രശ്നം**

**വിജ്ഞാപനം മുൻനിയമപ്രകാരം പുറപ്പെടുവിച്ചത് സംബന്ധിച്ച്**

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, കേരള നിയമസഭയുടെ ചട്ടം 303 പ്രകാരമുള്ള ക്രമപ്രശ്നം അവതരിപ്പിക്കുകയാണ്. 15-ാം കേരള നിയമസഭയ്ക്ക് അഭിമാനിക്കാവുന്ന നിയമനിർമ്മാണമാണ് എട്ടാം സമ്മേളനത്തിൽ പാസ്സാക്കിയ കേരള പൊതുജനാരോഗ്യ ബിൽ. അതിന് 2023 നവംബർ 28-ന് ബഹുമാനപ്പെട്ട ഗവർണ്ണറുടെ അനുമതിയും ലഭിക്കുകയുമുണ്ടായി. പ്രസ്തുത ആക്റ്റിലെ പീഠികയിൽ 1955-ലെ ട്രാവൻകൂർ-കൊച്ചിൻ പബ്ലിക്ക് ഹെൽത്ത് ആക്റ്റ്, 1939-ലെ മദ്രാസ് പബ്ലിക് ഹെൽത്ത് ആക്റ്റ് എന്നീ രണ്ട് ആക്റ്റുകൾക്ക് പകരമായാണ് അത് നിയമമാക്കിയിട്ടുള്ളതെന്ന് പറയുന്നുണ്ട്. 2023-ലെ കേരള പൊതുജനാരോഗ്യ ആക്റ്റിലെ 60-ാം വകുപ്പിന്റെ ഒന്നാം ഉപവകുപ്പ് പ്രകാരം സർക്കാരിന് വിജ്ഞാപനം വഴി സംസ്ഥാനത്തെ ഏതെങ്കിലും പ്രദേശത്തെ ഉത്സവമേഖലയായി പ്രഖ്യാപിക്കുന്നതിനും പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട് ആവശ്യമായ ക്രമീകരണങ്ങളും നിയന്ത്രണങ്ങളും

ഏർപ്പെടുത്തുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നിലവിൽ ഉത്സവമേഖലയെ സംബന്ധിച്ച് ജില്ലാ കളക്ടർമാർ പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങളിൽ (അടുത്തകാലത്ത് പുറപ്പെടുവിച്ച വിജ്ഞാപനങ്ങളുടെ പകർപ്പ് എന്റെ കൈവശമുണ്ട്) 2023-ലെ കേരള പൊതുജനാരോഗ്യ ആക്ടിലെ 60-ാം വകുപ്പ് എന്നതിനുപകരം മുമ്പ് നിലനിന്നിരുന്ന ട്രാവൻകൂർ-കൊച്ചിൻ ആക്ടിന്റെ 122-ാം വകുപ്പുപ്രകാരം ടി പ്രദേശത്തെ ഉത്സവ മേഖലയായി പ്രഖ്യാപിക്കുന്നതായി കാണുന്നു. നിയമസഭ പാസ്സാക്കിയ പുതിയ നിയമം പ്രാബല്യത്തിലിരിക്കെ മുമ്പുണ്ടായിരുന്ന നിയമം സംസ്ഥാനത്തെ വിവിധ പ്രദേശങ്ങളിലെ ഉത്സവങ്ങൾ, പെരുന്നാളുകൾ എന്നിവ സംബന്ധിച്ച ക്രമീകരണങ്ങൾക്ക് ഇത്തരമൊരു വിജ്ഞാപനം പുറപ്പെടുവിക്കുന്നത് ക്രമപ്രകാരമല്ലെന്നുള്ളതാണ് എന്റെ ക്രമപ്രശ്നം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ബഹുമാന്യനായ അംഗം ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ, കേരള നിയമസഭ വളരെ അഭിമാനകരമായി പാസ്സാക്കിയ ഒരു നിയമമാണ് കേരള പൊതുജനാരോഗ്യ ബിൽ. കേരള സംസ്ഥാനം

രൂപീകൃതമായതിനുശേഷം, പ്രസ്തുത ബിൽ നിയമസഭ പാസ്സാക്കുന്നതുവരെ ഇതുമായി ബന്ധപ്പെട്ട് രണ്ട് നിയമങ്ങളാണ് ഇവിടെ നിലനിന്നിരുന്നത്. അതായത് ട്രാവൻകൂർ-കൊച്ചിൻ പബ്ലിക് ഹെൽത്ത് ആക്ട്, മദ്രാസ് പബ്ലിക് ഹെൽത്ത് ആക്ട്. ഇവ റദ്ദ് ചെയ്തുകൊണ്ടാണ് പുതിയ ആക്ട് കൊണ്ടുവന്നിട്ടുള്ളത്. പ്രസ്തുത ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ച് നൂറിലധികം മണിക്കൂറുകൾ സജീവമായ ചർച്ചകൾ നടത്തിയാണ് ടി നിയമം പാസ്സാക്കപ്പെട്ടത്. ബഹുമാനപ്പെട്ട ഡോ. എൻ. ജയരാജ്, എം.എൽ.എ.-യും അതിന്റെ ഭാഗമായിരുന്നു. ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചത് ഒരു സാങ്കേതിക വിഷയമാണ്. 2023-ലെ കേരള പൊതുജനാരോഗ്യ ആക്ടിലെ 60-ാംവകുപ്പിലെ ഒന്നാം ഉപവകുപ്പ് പ്രകാരം, സർക്കാരിന് ഒരു വിജ്ഞാപനം വഴി സംസ്ഥാനത്തെ ഏതെങ്കിലും ഒരു പ്രദേശം ഉത്സവമേഖലയായി പ്രഖ്യാപിക്കുന്നതിനും പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട് ആവശ്യമായ ക്രമീകരണങ്ങളും നിയന്ത്രണങ്ങളും ഏർപ്പെടുത്തുന്നതിനുമുള്ള വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഉത്സവമേഖലകളെ സംബന്ധിച്ച് നിലവിൽ ജില്ലാ കളക്ടർമാർ പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങളിൽ പഴയ നിയമം ക്വാട്ട് ചെയ്യുന്നുണ്ട്.

നിയമസഭ പുതിയനിയമം പാസ്സാക്കിയ സാഹചര്യത്തിൽ അതിൽ സൂചിപ്പിച്ചിട്ടുള്ള 60(1), 75 എന്നീ വകുപ്പുകൾ പ്രകാരമാണ് ജില്ലാ കളക്ടർമാർ പുതിയ വിജ്ഞാപനങ്ങൾ പ്രസിദ്ധീകരിക്കേണ്ടത്. ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തിയതിന് ബഹുമാനപ്പെട്ട ചീഫ് വിപ്പിനോട് പ്രത്യേകം നന്ദി അറിയിക്കുന്നു. ഇക്കാര്യത്തിൽ ആവശ്യമായ നിർദേശങ്ങൾ നൽകി ഉചിതമായ നടപടി സ്വീകരിക്കുമെന്ന് ഉറപ്പുനൽകുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഒരു കാര്യം സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. ഈ സഭയിലെ ശ്രീ. സനീഷ്കുമാർ ജോസഫ്, ശ്രീ. എ. കെ. എം. അഷ്റഫ് എന്നീ രണ്ട് അംഗങ്ങൾ സഭയുടെ കവാടത്തിനുമുമ്പിൽ സത്യാഗ്രഹ സമരം തുടരുകയാണ്. കുന്നംകുളത്ത് നടന്ന കസ്റ്റഡി മർദനത്തിൽ ഉത്തരവാദികളായ പോലീസ് ഉദ്യോഗസ്ഥരെ സർവീസിൽ നിന്ന് നീക്കം ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് അവർ ഈ സമരം നടത്തുന്നത്. സർക്കാർ ഇതുവരെ ഇക്കാര്യത്തിൽ യാതൊരു നടപടിയും സ്വീകരിക്കാത്തതിൽ ഞങ്ങൾ ശക്തമായ പ്രതിഷേധം അറിയിക്കുന്നു. അവരുടെ സത്യാഗ്രഹ സമരം തുടരുന്നതാണെന്ന് സഭയെയും അങ്ങയെയും ഈ അവസരത്തിൽ

പ്രത്യേകമായി അറിയിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്) ഉന്നയിച്ച ക്രമപ്രശ്നത്തിന്മേലുള്ള റൂളിങ്.

**റൂളിങ്**

മി. ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ....ഓർഡർ...... 2023-ലെ കേരള പൊതുജനാരോഗ്യ നിയമം നിലവിൽ വന്നതിനുശേഷവും പ്രസ്തുത നിയമത്തിലെ 60-ാം വകുപ്പുപ്രകാരം പുറപ്പെടുവിക്കേണ്ടതായ വിജ്ഞാപനം മുൻ നിയമപ്രകാരം തന്നെ പുറപ്പെടുവിച്ചു വരുന്നതുമൂലമുണ്ടായ അപാകമാണ് ബഹുമാനപ്പെട്ട ഗവൺമെന്റ് ചീഫ് വിപ്പ് ഒരു ക്രമപ്രശ്നത്തിലൂടെ ഇവിടെ ചൂണ്ടിക്കാണിച്ചത്. ഇക്കാര്യം സംബന്ധിച്ച് ബഹുമാനപ്പെട്ട ആരോഗ്യ വനിത-ശിശുവികസന വകുപ്പുമന്ത്രി ഇവിടെ വിശദീകരിക്കുകയുണ്ടായി. ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ക്രമപ്രശ്നം തീർപ്പാക്കുകയാണ്.

സുപ്രധാനമായൊരു വിഷയം സഭയുടെ ശ്രദ്ധയിൽപ്പെടുത്തിയ ബഹുമാനപ്പെട്ട ഗവൺമെന്റ് ചീഫ് വിപ്പിനെ ചെയർ അനുമോദിക്കുന്നു.

ഓർഡർ... ഓർഡർ....

Point of Order & Ruling

Uncorrected/Not for publication
18-09-2025